കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ചരക്ക്സേവന നികുതി നിയമം നിലവിൽ വന്നതിനാൽ - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കി വന്നിരുന്ന വിനോദനികുതി - ഒഴിവാക്കിയ ഉത്തരവ് - ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.സി.) വകുപ്പ്

സ.ഉ.(കൈ)നം.63/2019/തസ്വഭവ. തിരുവനന്തപുരം, തീയതി: 10.06.2019

പരാമർശം: 1. സ.ഉ.(കൈ)നം.123/2017/തസ്വഭവ തീയതി 24.06.2017
2. 2019 ലെ കേരള ധനകാര്യ ബിൽ(ബിൽ നം.185 ഇനം 6).

## ഉത്തരവ്

ചരക്ക് സേവനനികുതി നിയമം നിലവിൽ വന്ന സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കിവന്ന വിനോദനികുതി 2017 ജൂലൈ 1 മുതൽ ഒഴിവാക്കി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിനോദനികുതി പിരിക്കുവാൻ അധികാരം നൽകുന്ന 1961-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ് ടാക്സ് ആക്ട് സെക്ഷൻ-3 അസാധുവാക്കിയിരുന്നില്ല.

2. സിനിമ ടിക്കറ്റിന്മേൽ ഏർപ്പെടുത്തിയിരുന്ന ജി.എസ്.ടി. നിരക്ക് 28%-ൽ നിന്ന് 18% ആയി കുറച്ച സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനനഷ്ടത്തിന്റെ തോത് കുറയ്ക്കുന്നതിന് സിനിമ ടിക്കറ്റിന്മേൽ 10% വിനോദനികുതി ഏർപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിക്കുകയും അതനുസരിച്ചുള്ള വ്യവസ്ഥകൾ 2019-ലെ കേരള ധനകാര്യ ബില്ലിൽ (നം.185 ഇനം.6)-ൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ബിൽ പ്രകാരം 1961-ലെ (Act 20 of 1961) കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ് ടാക്സ് ആക്ട് സെക്ഷൻ-3 ഭേദഗതി വരുത്തുകയും സിനിമ ടിക്കറ്റിന്മേൽ 10% വിനോദനികുതി പിരിക്കുവാൻ ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുകയും ചെയ്തു.

3. മേൽ സാഹചര്യത്തിൽ സിനിമ ടിക്കറ്റിന്മേൽ 10% വിനോദനികുതി ഉത്തരവ് തീയതി മുതൽ ഈടാക്കാമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് പരാമർശം(1) സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി.
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (ബന്ധപ്പെട്ട ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ/എൽ.ബി.എ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ.
തദ്ദേശ സ്വയം ഭരണ (ഡി എ)വകുപ്പ്.
തദ്ദേശ സ്വയം ഭരണ (എഫ് എം)വകുപ്പ്.
തദ്ദേശ സ്വയം ഭരണ (ആർ ഡി)വകുപ്പ്.
ധനകാര്യ വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ. & പി. ആർ. ഡി. - വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ